എച്ച് 2/27286/2018/മെ.വി.കാ തീയതി: **28/12/2018**

<u>പരിപത്രം</u>

വിഷയം: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം- സോഷ്യൽ സയന്റിസ്റ്റ് തസ്തികയിലെ ഒഴിവുകൾ തസ്തികമാറ്റം മുഖേന നികത്തുന്നതിനായി യോഗ്യരായ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച്,

സൂചന: 1. 22.10.1990 ലെ സ.ഉ. (കൈ) 190/90 /ആ.കു.വ.
2. 27.11.2018 ലെ സ.ഉ.(സാധാ) 3509/ 2018/ആ.കു.വ.

സൂചന (2) സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സോഷ്യൽ സയന്റിസ്റ്റ് തസ്തികയിൽ (ശമ്പള സ്കെയിൽ : 30700 -65400) നിലവിലുള്ള രണ്ട് (2) ഒഴിവുകൾ തസ്തിക മാറ്റം മുഖേന നികത്തുന്നതിനായി സൂചന (1) സർക്കാർ ഉത്തരവിൽ നിഷ്കർശിച്ചിരിക്കുന്ന പ്രകാരം ചുവടെ പറയുന്ന നിർദ്ദിഷ്ട യോഗ്യതയുള്ള ഈ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവീസ് ഉൾപ്പെടെയുള്ള ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

<u>യോഗ്യത</u>

എം.എ. സോഷ്യോളജി അല്ലെങ്കിൽ എം.എസ്.ഡബ്ള്യു പാസായിരിക്കണം.

അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട മാതൃകയിൽ തന്നെ ആയിരിക്കേണ്ടതും അപേക്ഷകർ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അവരുടെ സേവന പുസ്തകവുമായി ഒത്തുനോക്കി ശരിയാണെന്ന് സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അപേക്ഷയോടൊപ്പം യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. അപേക്ഷകൾ 31-01-2019 നോ അതിനുമുമ്പോ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് സമർപ്പിക്കേണ്ടതും, സ്ഥാപനമേധാവി 05-02-2019 ന് മുമ്പായി ബന്ധപ്പെട്ട പ്രിൻസിപ്പാളിനു സമർപ്പിക്കേണ്ടതും, പ്രിൻസിപ്പാൾമാർ അപേക്ഷകൾ പരിശോധിച്ച് പൂർണ്ണമാണെന്ന് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തി 15-02-2019 നോ അതിനു മുമ്പോ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതുമാണ്.

വൈകി ലഭിക്കുന്നതും അപൂർണ്ണങ്ങളുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അതുപോലെ അപേക്ഷകൾ ഈ കാര്യാലയത്തിൽ നേരിട്ട് സമർപ്പിക്കുവാനും പാടുള്ളതല്ല.

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ പരിപത്രത്തിന്റെ പകർപ്പ് സമയബന്ധിതമായി എല്ലാ ജീവനക്കാരുടെയും അറിവിലേക്കായി നൽകേണ്ടതാണ്.

**DR.JOLLY MARY VARUGHESE**
JOINT DIRECTOR (GENERAL)

പകർപ്പ്: 1. പ്രിൻസിപ്പാൾ, ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം/കൊല്ലം/ആലപ്പുഴ കോട്ടയം/തൃശ്ശൂർ/ഇടുക്കി/കോന്നി/ മഞ്ചേരി /കോഴിക്കോട്.

2. പ്രിൻസിപ്പാൾ, ഗവ. നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/ആലപ്പുഴ കോട്ടയം/തൃശ്ശൂർ/കോഴിക്കോട്.

3. പ്രിൻസിപ്പാൾ, ഗവ. ദന്തൽ കോളേജ്, തിരുവനന്തപുരം/ആലപ്പുഴ കോട്ടയം/തൃശ്ശൂർ/കോഴിക്കോട്.

4. സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം/ ആലപ്പുഴ/ കോട്ടയം/തൃശ്ശൂർ/കോഴിക്കോട്.

5. സൂപ്രണ്ട്, എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം/ ഐ.സി.എച്ച് കോട്ടയം / എം.സി.സി.എച്ച് തൃശ്ശൂർ/ ഐ.എം.സി.സി.എച്ച് കോഴിക്കോട്/ ഐ.സി.ഡി കോഴിക്കോട്

6 അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ആർ.എച്ച്.സി.വക്കം, തിരുവനന്തപുരം/ എം.സി.എച്ച് പാങ്ങപ്പാറ/ ആർ.എച്ച്.സി. ചെട്ടികാട്, ആലപ്പുഴ/എം.സി.എച്ച് യൂണിറ്റ്, അമ്പലപ്പുഴ കെ.എം.സി.എച്ച്.സി.ഏറ്റുമാനൂർ, കോട്ടയം/ പി.എച്ച്.സി.തോളൂർ,തൃശ്ശൂർ/ എം.സി.എച്ച് യൂണിറ്റ് ചെറുപ്പ , കോഴിക്കോട്

7 . ഈ ഓഫീസിലെ എല്ലാ സെക്ഷനുകളിലും.

8. വെബ്സൈറ്റ്/നോട്ടീസ് ബോർഡ് / ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by JOLLY MARY VARGHESE
Date: 2018.12.31 11:20:58 IST
Reason: Approved

ജൂനിയർ സൂപ്രണ്ട്